# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5813** | **02.07.2019-ൽ മറുപടിക്ക്**

## തുണിക്കടകളിലെയും സ്വർണ്ണക്കടകളിലെയും വനിതാജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ വൻകിട തുണിക്കടകളിലെയും സ്വർണ്ണക്കടകളിലെയും വനിതാജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം ബുദ്ധിമുട്ടുകളാണ് അവർ അനുഭവിക്കുന്നത് എന്ന് വിശദമാക്കാമോ; അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;<br><br>(ബി) അവർക്ക് നിശ്ചയിച്ചിരിക്കുന്ന മിനിമം സേവന വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുവാനും തൊഴിൽ ചൂഷണത്തിൽനിന്നും അവരെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (എ) യും (ബി) യും ഉണ്ട്. വേതനത്തോടു കൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ജോലിസ്ഥലത്ത് ഇരിക്കുന്നതിനുള്ള സൗകര്യം, വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ലാട്രിൻ/യൂറിനൽ സംവിധാനം ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ സ്ത്രീ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ലെന്നുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ സ്ത്രീ ജീവനക്കാർക്ക് തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും നടത്തിവരുന്നു. ജീവനക്കാർക്ക് സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് സ്ഥാപന പരിശോധനാവേളയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്.<br>സംസ്ഥാനമൊട്ടാകെയുള്ള ടെക്സ്റ്റൈൽ മേഖലകളിൽ 11.06.2019-ന് നടന്ന |

സ്പെഷ്യൽ പരിശോധനയുടെ ഭാഗമായി 186 സ്ഥാപനങ്ങളിലും, ജ്വലറി മേഖലയിൽ 13.06.2019-ൽ നടത്തിയ സ്പെഷ്യൽ പരിശോധനയിൽ 175 സ്ഥാപനങ്ങളിലും പരിശോധന നടത്തി. ടി പരിശോധനയിൽ വിവിധ തൊഴിൽ നിയമ ലംഘനങ്ങൾ നടത്തിയവരെ കണ്ടെത്തുകയും ആയതിന് നോട്ടീസ് നൽകുകയും നിയമ ലംഘനങ്ങൾ പരിഹരിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശോധനകൾ തൊഴിൽ ചൂഷണത്തിൽ നിന്നും പരിരക്ഷ നൽകുന്നതിന് സഹായകരമാണ്. ഉപരിയായി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന തൊഴിലാളികൾക്കുള്ള പരാതികളും ബുദ്ധിമുട്ടുകളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

സെക്ഷൻ ഓഫീസർ